പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2234. 11.02.2020 ൽ മറുപടിയ്ക്ക്

**കോതമംഗലം മുൻസിപ്പൽ ലൈബ്രറി ബിൽഡിങ്ങിൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോർ**

ചോദ്യം

ശ്രീ.ആന്റണി ജോൺ

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ 20 വർഷത്തിലധികമായി കോതമംഗലം മുൻസിപ്പൽ ലൈബ്രറി ബിൽഡിങ്ങിൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോർ പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറ്റുവാനുള്ള ശ്രമം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2018-19, 2019-20 വർഷങ്ങളിലെ ലൈസൻസ് മുൻസിപ്പാലിറ്റിയിൽ നിന്നും പുതുക്കാത്തത് മൂലമാണ് ഇത്തരത്തിൽ കെട്ടിടമാറ്റ വിഷയം വന്നിട്ടുള്ളത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | കോതമംഗലം മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറിന്റെ നിലവിലുള്ള വാടക കരാർ പുതുക്കുന്നതിന് മുനിസിപ്പാലിറ്റി പുതിയ നിബന്ധനകൾ ഉന്നയിക്കുകയും ആയതു അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ മൂലമുണ്ടായ കാലതാമസത്താൽ വിവിധ മുനിസിപ്പൽ ലൈസൻസുകൾക്ക് നൽകേണ്ട ഫീസുകൾക്ക് പിഴയും പിഴപ്പലിശയും ആവശ്യപ്പെട്ടുകൊണ്ട് മാവേലി സ്റ്റോറിൻറെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന വിധത്തിൽ വൈദ്യുത ബന്ധം വിഛേദിക്കുകയും നിലവിൽ ജീർണ്ണാവസ്ഥയിലുള്ളതും ശൗചാലയ സൗകര്യം ഇല്ലാത്തതുമായ പ്രസ്തുത 220 ച.അടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളൊന്നും യഥാസമയം കെട്ടിട ഉടമ ചെയ്യാതിരിക്കുകയും, അടച്ചുപൂട്ടാൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലാണ് അനുയോജ്യമായ മറ്റൊരു കെട്ടിടം കിട്ടുന്നതുവരെ മാവേലി സ്റ്റോറിൻറെ പ്രവർത്തനം താൽക്കാലികമായി നിർത്തിവെയ്ക്കാൻ നിർദ്ദേശിച്ചത്. എന്നാൽ പൊതുജനങ്ങളുടെ ആവശ്യപ്രകാരം മാവേലി സ്റ്റോർ ഇപ്പോഴും പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. |
| (സി) | 20 വർഷത്തിലധികമായി പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതും സാധാരണക്കാരായ നിരവധി പ്രദേശ വാസികൾക്ക് പ്രയോജനം ലഭിക്കുന്നതുമായ പ്രസ്തുത മാവേലിസ്റ്റോർ മുൻസിപ്പാലിറ്റിയുമായുള്ള ലൈസൻസ് പുതുക്കി പ്രസ്തുത കെട്ടിടത്തിൽ തന്നെ തുടർന്ന് | | |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | എന്നിരുന്നാലും ഒരു സർക്കാർ സ്ഥാപനമെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും വിവിധ ലൈസൻസുകൾക്കാവശ്യപ്പെടുന്ന പിഴയും പിഴപ്പലിശയും ഒടുക്കുന്നതിൽ നിന്നും സപ്ലൈകോയെ ഒഴിവാക്കിത്തരണമെന്ന് നഗരസഭ സെക്രട്ടറിക്ക് നൽകിയ കത്ത് പരിഗണിക്കാതെ പിഴയും പിഴപ്പലിശയും ഒടുക്കി കരാർ പുതുക്കിയില്ലെങ്കിൽ ഒരറിയിപ്പും ഇല്ലാതെ കച്ചവടസ്ഥാപനം അടച്ചുപൂട്ടും എന്ന മുനിസിപ്പാലിറ്റിയുടെ നിലപാട് ഒഴിവാക്കി വിൽപ്പനശാലയുടെ പ്രവർത്തനത്തിന് ആവശ്യമായ ലൈസൻസുകൾ അവയുടെ ഫീസും, കുടിശ്ശികയും മാത്രം ഈടാക്കി പുതുക്കാൻ അനുമതി നൽകുന്ന മുറയ്ക്ക് ഈ വിഷയത്തിന് ശാശ്വത പരിഹാരമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ